LIBRARY ARCHIVES Kerala Legislative Assembly

വിതരണത്തിന് കൈകാര്യ ചെലവ് ഇനത്തിൽ കിലോഗ്രാമിന് ഒരു രൂപ നിരക്കിൽ ഈടാക്കി എല്ലാ മുൻഗണനേതര വിഭാഗങ്ങൾക്കും 5 കിലോഗ്രാം വീതം അരി നല്കിവരുന്നു.

(എഫ്) പ്രളയ ദുരിതാശ്വാസത്തിനായി അനുവദിച്ച ഭക്ഷ്യധാന്യങ്ങൾ സൗജന്യമായി ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചവെങ്കിലും ടി ആവശ്യം പരിഗണിക്കുകയുണ്ടായില്ല. ഈ വിഷയത്തിൽ മറ്റ് നടപടികൾ സ്വീകരിച്ചിട്ടില്ല.

**ഉപഭോക്തൃ തർക്കപരിഹാര ഫോറം മെമ്പർമാരുടെ നിയമനം**

310(4096) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്തൃകാര്യ വകുപ്പിന്റെ കീഴിലുള്ള ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലേക്കുള്ള മെമ്പർമാരെ നിയമിക്കുന്നത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് നിലവിൽ ഉള്ള പ്രസ്തുത മെമ്പർമാരുടെ ജില്ല തിരിച്ചുള്ള പേരുവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 1986-ലെ ഉപഭോക്തൃ സംരക്ഷണ നിയമത്തിലെ സെക്ഷൻ 10-ൽ പ്രതിപാദിച്ചിട്ടുള്ള യോഗ്യതയുള്ളവരിൽനിന്ന്, 2005-ലെ ഉപഭോക്തൃ സംരക്ഷണ ചട്ടത്തിലെ, ചട്ടം 7-ൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമപ്രകാരമാണ് ജില്ലാ ഉപഭോക്തൃ തർക്കപരിഹാര ഫോറങ്ങളിലേയ്ക്കുള്ള മെമ്പർമാരെ നിയമിക്കുന്നത്.

(ബി) നിലവിൽ സേവനമനുഷ്ഠിച്ച വരുന്ന മെമ്പർമാരുടെ ജില്ല തിരിച്ചുള്ള പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ലീഗൽ മെട്രോളജി ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ**

311(4097) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പിൽ ഇൻസ്പെക്ടർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; റിപ്പോർട്ട് ചെയ്ത തീയതിയുൾപ്പെടെയുള്ള വിശദവിവരം നൽകുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്